(സി&ഡി) 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാല സംഘം) ആക്ട് സെക്ഷൻ 48 അനുസരിച്ച് ലൈബ്രറി സെസ് തുക വകമാറ്റി ചെലവഴിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല.

(ഇ) ലൈബ്രറി സെസ്സിനത്തിൽ ലഭിക്കുന്ന തുക പൂർണ്ണമായും ലൈബ്രറികളുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുവാൻ വാർഷിക ഗ്രാന്റ്, ഹൈസ്ക്കൂൾ, യു.പി. വിഭാഗം വിദ്യാർത്ഥികൾക്കായി വായന മത്സരം, വീടുകളിൽ പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്ന വനിതാ പുസ്തക വിതരണ പദ്ധതി, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി അയൽപക്ക പഠനകേന്ദ്രം, 63 താലൂക്കുകളിലായി താലൂക്ക് റഫറൻസ് ലൈബ്രറി, 63 താലൂക്കുകളിൽ കരിയർ ഗൈഡൻസ് സെന്ററുകൾ, 14 ജില്ലകളിൽ മോഡൽ വില്ലേജ് ലൈബ്രറി, അക്കാഡമിക് സ്റ്റഡി സെന്ററുകൾ, തെരഞ്ഞെടുത്ത ലൈബ്രറികളിൽ ഇ-ലൈബ്രറി, ജയിൽ/ജുവനൈൽഹോം ലൈബ്രറി സർവ്വീസുകൾ, തെരഞ്ഞെടുക്കപ്പെട്ട ഹോസ്പിറ്റലുകൾ, ഓർഫനേജുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ എന്നിവ വികസന പ്രവർത്തനങ്ങളുടെ ഭാഗമാണ്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

129 (3890) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ബി) നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ താൽക്കാലിക നിയമനം നേടിയവർക്കും ആവശ്യമായ ഭാഷാ പരിജ്ഞാനം ഇല്ലാത്തവർക്കും ശമ്പള സ്കെയിലും, നിയമനം സംബന്ധിച്ച് ഹൈക്കോടതിയിലും ലോകായുക്തയിലും കേസ്സുകളെ നേരിടുന്നവർക്ക് പ്രൊമോഷനും അനുവദിച്ചത് എന്തു മാനദണ്ഡത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് സർവ്വീസിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞ ഒരു അസിസ്റ്റന്റ് ഡയറക്ടറുടെ പെൻഷൻ ആനുകൂല്യങ്ങൾ കാരണമില്ലാതെ വർഷങ്ങളോളം തടഞ്ഞു വയ്ക്കുകയും അവസാനം ഹൈക്കോടതി ഉത്തരവിലൂടെ പെൻഷൻ ആനുകൂല്യങ്ങൾ പലിശ സഹിതം നൽകേണ്ടി വരികയും ചെയ്ത സംഭവത്തിൽ ഉത്തരവാദികളിൽ നിന്ന്, പലിശത്തുക ഈടാക്കണമെന്ന് സർക്കാർ നിർദ്ദേശ മുണ്ടായിട്ടും അത് പാലിക്കാത്തതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്വേഷണം നടത്തേണ്ടതായുള്ള പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെയാണ് പ്രൊമോഷനും നിയമന അംഗീകാരങ്ങളും നൽകിയിട്ടുള്ളത്.

(സി) കോടതി വിധിപ്രകാരം നൽകിയ പലിശത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചുവരുന്നു.

വി.കെ.എൻ. സ്മാരകം

130 (3892) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച പ്രശസ്ത സാഹിത്യകാരനായ വി. കെ. എന്നിന്റെ പേരിൽ സ്മാരകം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സ്മാരകത്തിന് വേണ്ടി ഭൂമി ലഭ്യമാക്കിയിട്ടുള്ളതായി അറിയുമോ ;

(ഡി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നും എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ ചേലക്കര കേന്ദ്രമാക്കി വി.കെ.എൻ.-ന്റെ പേരിൽ ഒരു സ്മാരക സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വി.കെ.എൻ.-ന് സ്മാരകത്തിനുവേണ്ടി ആവശ്യമായ സ്ഥലം വി.കെ.എൻ.-ന്റെ പത്നി സൗജന്യമായി ലഭ്യമാക്കിയിട്ടുള്ളതായി തിരുവില്വാമല ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(ഡി) സാഹിത്യ അക്കാഡമിയും ഗ്രാമപഞ്ചായത്തും സഹകരിച്ച് ഭരണ സമിതി രൂപീകരിച്ചശേഷം, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള തുക അനുവദിച്ച് ഭരണാനുമതി നൽകി നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly